**കേരള സർക്കാർ**

**സംഗ്രഹം**

OFFICE OF THE COMMISSIONER FOR ENTRANCE EXAMINATIONS THIRUVANANTHAPURAM
2689

TA1

പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് - പാലക്കാട് മെഡിക്കൽ കോളേജ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർഗ്രേറ്റഡ് മെഡിക്കൽ സയൻസ്, പാലക്കാട്) - സീറ്റ് സംവരണം സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പട്ടികജാതി പട്ടികവർഗ (എഫ്) വികസന വകുപ്പ്

**സ.ഉ(കൈ)നം.45 /2014/പജപവവിവ. തീയതി, തിരുവനന്തപുരം,19/07/2014**

പരാമർശം:- 26/05/2012 ലെ സ.ഉ(കൈ)നം.72/12/പജപവവിവ.

**ഉത്തരവ്**

പരാമർശം ഒന്ന് പ്രകാരം പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്ന മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. 2014-15 വർഷം മെഡിക്കൽ കോളേജിൽ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിക്കൊണ്ട് ഒന്നാം വർഷ എം.ബി.ബി.എസ് കോഴ്സ് തുടങ്ങുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിനുവേണ്ടി നീക്കി വയ്ക്കുന്ന ഫണ്ട് ഉപയോഗിച്ചാണ് ഈ മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്.

ഈ സാഹചര്യത്തിൽ പാലക്കാട് മെഡിക്കൽ കോളേജിൽ വിദ്യാർത്ഥി പ്രവേശനവുമായി ബന്ധപ്പെട്ട സീറ്റ് സംവരണം സംബന്ധിച്ച വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 70% സീറ്റ് പട്ടികജാതി വിദ്യാർത്ഥികൾക്കായും, 2% സീറ്റ് പട്ടികവർഗ വിദ്യാർത്ഥികൾക്കായും നീക്കിവയ്ക്കുകയും, ബാക്കിയുള്ള 28 സീറ്റുകൾ താഴെ പറയും പ്രകാരം എസ്.ഇ.ബി.സി സംവരണവും ഉൾപ്പെടുത്തി നിശ്ചയിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| എസ്.സി | - | 70 സീറ്റ് |
| എസ്.റ്റി | - | 2 സീറ്റ് |
| എസ്.ഇ.ബി.സി | - | 8 സീറ്റ് |
| പൊതുമെറിറ്റ് | - | 20 സീറ്റ് |

(contd....2)

2014-15 അധ്യായന വർഷം മുതൽ അർഹരായ വിദ്യാർത്ഥികൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർഗ്രേറ്റഡ് മെഡിക്കൽ സയൻസസ്, പാലക്കാട് (പാലക്കാട് മെഡിക്കൽ കോളേജ്) പ്രവേശനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ആശാ തോമസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ)
കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ)
കേരള, തിരുവനന്തപുരം
പ്രവേശന പരീക്ഷാ കമ്മിഷണർ, തിരുവനന്തപുരം
ഡയറക്ടർ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ, തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, പാലക്കാട് മെഡിക്കൽ കോളേജ്, സിവിൽ സ്റ്റേഷൻ, പാലക്കാട്
ഇൻഫർമേഷൻ ഓഫീസർ,(വെബ് &ന്യൂ മീഡിയ,ഐ&പി.ആർ.ഡി)
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

അംഗീകാരത്തോടെ

Rasheelas

സെക്ഷൻ ഓഫീസർ